പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ.3030

15.02.2013 ൽ മറുപടിക്ക്

# നെൽവയൽ തണ്ണീർത്തട സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ് :<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അനധികൃതമായി നികത്തുന്ന വയലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ നെൽവയലുകൾ സംരക്ഷിക്കുന്നതിനും തരിശ്ശായിട്ടിരിക്കുന്ന വയലുകളിൽ കൃഷി ചെയ്യിക്കുന്നതിനും നിയമാനുസൃതം നടപടികൾ സ്വീകരിച്ചു വരുന്നു. നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ സ്റ്റോപ്പ് മെമ്മോ നൽകി പ്രവൃത്തി തടയുകയും പരിവർത്തനം ചെയ്ത നെൽവയലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള നടപടികൾ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അനധികൃത പരിവർത്തനം തടയുന്നതിനായി ജില്ലകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുളളതും റവന്യൂ - പോലീസ് വകുപ്പുകൾ സംയുക്ത പരിശോധന നടത്തി വരികയും ചെയ്യുന്നതാണ്. |
| (ബി) ഓരോ സ്ഥലത്തും ഇത് സംബന്ധിച്ച പരിശോധന നടത്തുന്നത് ആരാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തിലും / മുനിസിപ്പാലിറ്റിയിലും പ്രാദേശികതല സമിതികളും ജില്ലാ തലത്തിൽ ജില്ലാതല അധികൃത സമിതികളും രൂപീകരിച്ചിട്ടുണ്ട്. പ്രാദേശികതല സമിതികൾ അവയ്ക്ക് ആധികാരികതയുള്ള പ്രദേശത്തെ |

നെൽവയലുകൾ സന്ദർശിക്കുകയും ആക്ടി ലെ വ്യവസ്ഥകളുടെ ലംഘനമുണ്ടെങ്കിൽ ആർ.ഡി.ഒ.യ്ക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു.

കൂടാതെ നിയമം കർശനമായി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന റവന്യു ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി നിശ്ചയിച്ചു കൊണ്ടും അവരുടെ അധികാര പരിധി നിശ്ചയിച്ചു നൽകിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്.

1. ലാന്റ് റവന്യു കമ്മീഷണർ - കേരള സംസ്ഥാനം മുഴുവൻ
2. ജോയിന്റ് ലാന്റ് റവന്യു കമ്മീഷണർ - കേരള സംസ്ഥാനം മുഴുവൻ
3. അസിസ്റ്റന്റ് കമ്മീഷണർ - കേരള സംസ്ഥാനം മുഴുവൻ
4. ജില്ലാ കളക്ടർമാർ - ബന്ധപ്പെട്ട റവന്യു ജില്ലാ പരിധിക്കുള്ളിൽ
5. ആർ.ഡി.ഒ.മാർ - ബന്ധപ്പെട്ട റവന്യു ജില്ലാ പരിധിക്കുള്ളിൽ
6. വില്ലേജാഫീസർമാർ - ബന്ധപ്പെട്ട വില്ലേജ് പരിധിക്കുള്ളിൽ

ഇതിനു പുറമേ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവൃത്തിയും ആർ.ഡി.ഒ.മാർക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി അതാത് കൃഷി ആഫീസർമാരെ റിപ്പോർട്ടിംഗ് ആഫീസർമാരായി നിയമിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) സമയബന്ധിതമായി ഈ പ്രവൃത്തികൾ ചെയ്തു തീർക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ; വ്യക്തമാക്കുമോ ? | (സി) നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവൃത്തിയും ആർ.ഡി.ഒ.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടത് റിപ്പോർട്ടിംഗ് ആഫീസറായ കൃഷി ആഫീസറുടെ ഉത്തരവാദിത്വമാണ്. റിപ്പോർട്ട് നൽകുന്നതിൽ മനപൂർവ്വമായി വരുത്തുന്ന വീഴ്ച ശിക്ഷാർഹമായ കുറ്റമായി കണക്കാക്കുന്നതാണ്. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ തനിയ്ക്ക് ലഭിച്ചിട്ടുള്ള റിപ്പോർട്ടിൻമേൽ മേൽ നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയാൽ അതും ശിക്ഷാർഹമായ കുറ്റമായി കണക്കാക്കുന്നതാണ്. നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് തരംമാറ്റലുൾപ്പെടെയുള്ള പ്രവൃത്തികൾ ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ